ലൈക് പേജ്

മെഹദ് മഖ്ബൂൽ

mehdmaqbool@gmail.com

വായനയിലൂടെ നമ്മൾ അനേകായിരം ജീവിതം ജീവിക്കുമ്പോൾ വായിക്കാത്തവർ അവനവന്റെ ജീവിതം മാത്രമല്ലേ ജീവിക്കുന്നത്?

# വായിക്കാത്തവൻ അവനവന്റെ ജീവിതം മാത്രം ജീവിക്കുന്നു


കെ.ഇ.എൻ


മൊഫത്


ബാലചന്ദ്രൻ വടക്കേടത്ത്


സത്യചന്ദ്രൻ പൊയിൽക്കാവ്

യാത്രാ രേഖകളൊന്നും വേണ്ടാതെ വായനയിലൂടെ നമ്മൾ സഞ്ചരിക്കുന്ന രാജ്യങ്ങളെത്രയാണ്? മലകൾ, മരങ്ങൾ, പുഴകൾ, എല്ലാറ്റിനെയും വരകൾ കൊണ്ട് വേർതിരിച്ച് നമ്മൾ കെട്ടിയ അതിർത്തികളും വേലിവരമ്പുകളുമെല്ലാം നോക്കുകുത്തിയായിത്തീരുന്നു പുസ്തകങ്ങൾക്ക് മുന്നിൽ.

വായനയിലൂടെ ഞാൻ ക്രിസ്തുവാകുന്നു, ഹോമറാകുന്നു, കൺഫ്യൂഷ്യസാകുന്നു, ന്യൂട്ടനാകുന്നു, ഫ്രാങ്ക്ലിനാകുന്നു, സോക്രട്ടീസാകുന്നു, ഞാനെന്നിൽ വലിയ വലിയ സാമ്രാജ്യങ്ങൾ തന്നെ പടക്കുന്നുവെന്നെഴുതുന്നത് മൊഫത് (moffat machingura)

വായനയിലൂടെ നമ്മൾ അനേകായിരം ജീവിതം ജീവിക്കുമ്പോൾ വായിക്കാത്തവർ അവനവന്റെ ജീവിതം മാത്രമല്ലേ ജീവിക്കുന്നത്?

പുസ്തകം വായിക്കുമ്പോൾ നമ്മളെങ്ങാണ്ടൊക്കെയോ ചലിക്കുകയാണെന്നെഴുതുന്നുണ്ട് ബാലചന്ദ്രൻ വടക്കേടത്ത് 'വായനയുടെ ഉപനിഷത്ത്' എന്ന പുസ്തകത്തിൽ. വായിക്കപ്പെടാതെ അലമാരയിലിരിക്കുന്ന പുസ്തകം വെറുമൊരു സ്റ്റേഷനറി ഒബ്ജക്റ്റ് മാത്രമാണെന്നും അദ്ദേഹം തുടരുന്നു.

വായിക്കുക എന്നാൽ വേരിലേക്ക് താഴ്ന്നും പൂവിലേക്ക് പടർന്നും തന്നെ തന്നെ കുഴിച്ചും മറ്റുള്ളവരിലേക്ക് കുതിച്ചും മനുഷ്യർ നടത്തുന്ന ഒരതിജീവനമാണെന്ന് നിരീക്ഷിക്കുന്നു കെ.ഇ.എൻ. 'സമൂഹം, സാഹിത്യം, സംസ്കാരം' എന്ന പുസ്തകത്തിൽ വായനയെപ്പറ്റി പിന്നെയും വാചാലമാവുന്നു കെ.ഇ.എൻ.

"എത്രയെത്ര പുസ്തകങ്ങളാണ് കഥയായി, കയർക്കലായി, പൊട്ടിച്ചിരിയായി, ഭീതിദമായ സ്മരണകളുടെ തുറിച്ചു നോട്ടമായി, വരും വരും എന്ന പ്രതീക്ഷയായി, വേഗം പോരാ എന്ന ഉത്കണ്ഠയായി, അശാന്തമായ അന്വേഷണങ്ങളുടെ പിടച്ചിലായി..."

ഒന്നിനും കൊള്ളാത്തവനും ഒന്നിലും കൊള്ളാത്തവനുമാണ് കവിയെന്നെഴുതിയത് സത്യചന്ദ്രൻ പൊയിൽക്കാവ്.

ഒന്നിനും കൊള്ളാത്തവനാണ് താനെന്ന വിനയം സത്യനെക്കൊണ്ട് ഒന്നിലും കൊള്ളാത്ത കവിതയെഴുതിക്കുന്നു. സത്യചന്ദ്രന്റെ 'മധുരം' എന്ന കവിതയിങ്ങനെ:

ഈ കനൽക്കാലത്ത്
നിനക്ക് മധുരിക്കുമെങ്കിൽ
ഇതാ എന്റെ കഴുത്ത്..
ഇളനീർ പറഞ്ഞു.

Vol. No: 70 Issue No. 37 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla